**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2394** **24-06-2024 - ൽ മറുപടിയ്ക്ക്**

**നവലിബറൽ സാമ്പത്തിക നയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹിക, സാമ്പത്തിക അന്തരങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടാണ് സമ്പദ്ഘടന വളരുക എന്നത് നവലിബറൽ സാമ്പത്തിക നയങ്ങളുടെ പ്രധാന പരിമിതിയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി സമ്പദ്ഘടന വളരുമ്പോൾ സാമൂഹികവും സാമ്പത്തികവുമായ അന്തരങ്ങൾ വർദ്ധിക്കുന്നുയെന്ന് ചില പഠനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പരിമിതി ഉൾക്കൊണ്ടുകൊണ്ട് അത്തരത്തിലുള്ള അന്തരം കുറയ്ക്കുന്നത് ലക്ഷ്യമിട്ട് എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനനയമാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്നത്. |
| (ബി) | ഇന്ത്യയിൽ സാമ്പത്തിക അസമത്വം വർദ്ധിക്കുകയാണെന്ന് 2023-ൽ പുറത്തുവന്ന രണ്ട് അന്താരാഷ്ട്ര പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടോ; ക്ഷേമ രാഷ്ട്രനയങ്ങൾ നടപ്പിലാക്കിക്കൊണ്ട് ഈ പരിമിതി മറികടക്കുന്ന മികച്ച മാതൃക കേരളം മുന്നോട്ട് വച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | Oxfam report 2023 – Survival of the Richest: The India Story ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പാവപ്പെട്ടവരുടെ അവസ്ഥ കൂടുതൽ മോശമാകുന്നു (Poor are suffering), സമ്പന്നർ കൂടുതൽ സമ്പത്താർജ്ജിക്കുന്നു (rich are getting richer), സമ്പത്ത് അതിസമ്പന്നരിലേക്ക് മാത്രം കേന്ദ്രീകരിക്കപ്പെടുന്നു (wealth concentration among the richest) എന്നിങ്ങനെയുള്ള വിഷയങ്ങൾ പരാമർശിച്ചിട്ടുണ്ട്. സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നിൽക്കുന്നവരുടെ വികസനം ലക്ഷ്യമിട്ട് സാമൂഹിക ക്ഷേമത്തിനായി മികച്ച പദ്ധതികൾ സംസ്ഥാനം മുന്നോട്ട് വച്ചിട്ടുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി, അഞ്ചു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം തുടച്ചു നീക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച അതിദാരിദ്ര്യ നിർമ്മാജന പദ്ധതി, മെച്ചപ്പെട്ട പൊതുവിതരണ സംവിധാനം, എല്ലാവർക്കും ഭവനം ലക്ഷ്യമിട്ടുള്ള ലൈഫ് മിഷൻ പദ്ധതി, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ ഇടപെടലുകൾ എന്നിവ ക്ഷേമ രാഷ്ട്രം ലക്ഷ്യമിട്ട് സംസ്ഥാനം മുന്നോട്ട് വച്ച മികച്ച മാതൃകകളാണ്. |

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ സംസ്ഥാനത്തിന്റെ നേട്ടം നിലനിർത്തുന്നതിനായി അനുയോജ്യമായ മേഖലകളിൽ മൂലധന നിക്ഷേപം നടത്തുന്നതിനും അതിൽ നിന്ന് ലഭിക്കുന്ന ലാഭം സാമൂഹികക്ഷേമ മേഖലകളിൽ ചെലവഴിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം എന്നീ മേഖലകളിൽ പൊതുനിക്ഷേപം നടത്തുന്നതിന് പതിനാലം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്. സാമൂഹിക ക്ഷേമ മേഖലകളുടെ വികസനത്തിന് ഉതകുന്ന വിധത്തിൽ മൂലധന നിക്ഷേപം നടത്തുന്നത് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ കിഫ്ബി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | ലോകത്തിന്റെ മുന്നിൽ ഒരു മാതൃകയായി ഉയർത്തിക്കാട്ടാവുന്ന സുസ്ഥിര വികസനത്തിലധിഷ്ഠിതമായ സമൂഹമായി സംസ്ഥാനത്തെ പരിവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സുസ്ഥിര വികസനത്തിൽ അധിഷ്ഠിതമായ ഒരു നയമാണ് സംസ്ഥാനം ലക്ഷ്യം വയ്ക്കുന്നത്. പാരിസ്ഥിതികാവബോധം ഉണ്ടാക്കുന്നതിനും പരിസ്ഥിതിയുമായി ബന്ധപ്പെട്ടുവരുന്ന വിവിധ പദ്ധതികളിൽ വകയിരുത്തുന്ന വിഹിതത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിലേക്കു മായി 2024-25 സാമ്പത്തിക വർഷം "Environment Budget" സംസ്ഥാന സർക്കാർ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ